**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3728** **12-03-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി കുന്നത്തുനാട് മണ്ഡലത്തിൽനിന്നും നിർദ്ദേശിച്ചിട്ടുളള വടവുകോട്-പുത്തൻകുരിശ് ഗ്രാമപ്പഞ്ചായത്തുകളിലെ കാളവയൽ ഗ്രൗണ്ടിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കാളവയൽ കളിസ്ഥലം നിർമ്മാണപ്രവൃത്തിക്ക് എം.എൽ.എ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായതിനെ തുടർന്ന്, ആനുപാതികമായ തുക കായികവകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചുകൊണ്ട് ടി പ്രവൃത്തിക്ക് 100 ലക്ഷം രൂപയുടെ സംയുക്തഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>സ്പോർട്സ് കേരള ഫൗണ്ടേഷൻ ടി പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകി 07.01.2025-ൽ ടെണ്ടർ ക്ഷണിക്കുകയും, ഇതനുസരിച്ച് ലഭിച്ച ദർഘാസിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സാജൻ.ജെ.വയലിൽ, എറണാകുളം എന്ന കരാറുകാരന് 27.02.2025-ൽ വർക്ക് ഓർഡർ നൽകുകയും കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഗ്രൗണ്ടിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കാളവയൽ കളിസ്ഥലം നിർമ്മാണപ്രവൃത്തിക്ക് എം.എൽ.എ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായതിനെ തുടർന്ന്, ആനുപാതികമായ തുക കായികവകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചുകൊണ്ട് ടി പ്രവൃത്തിക്ക് 100 ലക്ഷം രൂപയുടെ സംയുക്തഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>സ്പോർട്സ് കേരള ഫൗണ്ടേഷൻ ടി പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകി 07.01.2025-ൽ ടെണ്ടർ ക്ഷണിക്കുകയും, ഇതനുസരിച്ച് ലഭിച്ച ദർഘാസിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സാജൻ.ജെ.വയലിൽ, എറണാകുളം എന്ന കരാറുകാരന് 27.02.2025-ൽ വർക്ക് ഓർഡർ നൽകുകയും കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാനാകുമെന്ന് വ്യക്തമാക്കാമോ; | (സി) | 9 മാസമാണ് ടി പ്രവൃത്തിയുടെ നിർമ്മാണ കാലാവധി. കരാറുകാരൻ കരാറിൽ ഏർപ്പെട്ടാലുടൻ പ്രവൃത്തി അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത വിഷയത്തിൽ നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | 9 മാസമാണ് ടി പ്രവൃത്തിയുടെ നിർമ്മാണ കാലാവധി. കരാറുകാരൻ കരാറിൽ ഏർപ്പെട്ടാലുടൻ പ്രവൃത്തി അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ